# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5188 24.10.2011-ലെ മറുപടിക്ക്

## കുടിവെള്ള പദ്ധതി ശുദ്ധീകരണ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള പദ്ധതി എതൊക്കെ നഗരങ്ങളിലാണ് നടപ്പിലാക്കുന്നത്; പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) | കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധീകരണ സംവിധാനങ്ങൾ ആധുനികസാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ളതാണോ; | (ബി) | ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധീകരണ സംവിധാനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ളതാണ്. കൂടാതെ ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാല ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ളതാണ്. ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| (സി) | ഇവ ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | (സി) | ജൈക്ക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, മീനാട് പദ്ധതികളുടെ പ്ലാന്റ് പൂർത്തിയായിട്ടുണ്ട്. ഇവ കരാർ അടിസ്ഥാനത്തിലാണ് പ്രവർത്തിപ്പിക്കുന്നത്. നിലവിലുള്ള ശുദ്ധീകരണശാലകൾ പ്രവർത്തിപ്പിക്കുന്നത് വാട്ടർ അതോറിറ്റിയാണ്. |
| (ഡി) | പരമ്പരാഗത രീതിയിലുള്ള ശുചീകരണ സംവിധാനമാണോ കെ. ഡബ്ല്യൂ. എ. ഇപ്പോൾ അവലംബിച്ചുവരുന്നത്; | (ഡി) | കെ.ഡബ്ല്യു.എ ഇപ്പോൾ പരമ്പരാഗത രീതിയിലുള്ള ശുചീകരണ സംവിധാനമാണ് അവലംബിച്ചു വരുന്നത്. എന്നാൽ ജൈക്കയുടെ സഹായത്തോടു കൂടിയ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെട്ട ശുദ്ധീകരണശാലയിൽ ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ജല ശുദ്ധീകരണമാണ് അവലംബിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ. ഡബ്ല്യു. എ.യിലെ നിശ്ചിത എണ്ണം ഓപ്പറേറ്റർമാർക്കും വർക്കർമാർക്കും വിദഗ്ദ്ധ പരിശീലനം നൽകണമെന്ന് പദ്ധതിയുടെ കരാറിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ഇ)-യും (എഫ്)-യും | ജൈക്ക പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ.ഡബ്ല്യു.എ-യിലെ ആവശ്യമായ ഓപ്പറേറ്റർമാർക്കും വർക്കർമാർക്കും വിദഗ്ദ്ധ പരിശീലനം നൽകണമെന്ന് പദ്ധതിയുടെ കരാറിൽ വ്യവസ്ഥ ഉണ്ട്. ഓപ്പറേറ്റർമാർ ഉൾപ്പെടെ പദ്ധതി പ്രവർത്തനത്തിന് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള കെ.ഡബ്ല്യു.എ. ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ജല അതോറിറ്റിയിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി ഒരു ട്രെയിനിംഗ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. ഓരോ വർഷവും വിവിധ പരിശീലന പരിപാടികളിലായി ഏകദേശം 1500 ജീവനക്കാർക്ക് ഇതിൽക്കൂടി പരിശീലനം നൽകി വരുന്നു. |
| (എഫ്) | പരിശീലന നടപടികൾ ഇപ്പോൾ നടന്നുവരുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.